"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദ സഞ്ചാര(ബി) വകുപ്പ്

സ.ഉ.(കൈ) നം.5/2026/TSM തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:- 1. സ.ഉ(പി).നം. 27/2021/ധന തീയതി 10.02.2021

2. 17.04.2023 ലെ ബി.ആർ.ഡി.സി/പി.ആർ.എസ്/ജെൻ-23/2022-23/5073 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ശുപാർശകൾക്ക് അനുസൃതമായി പരാമർശം(1) ഉത്തരവ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യം 01/07/2019 മുതൽ പ്രാബല്യത്തോടെ ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് കൂടി അനുവദിച്ച് നൽകുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം(2)പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 10.02.2021 ലെ സ.ഉ(പി) 27/2021/ധന ഉത്തരവിനെ അടിസ്ഥാനമാക്കി 01/07/2019 പ്രാബല്യത്തിൽ ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക്, പതിനൊന്നാം ശമ്പളപരിഷ്കരണം, അനുവദിച്ച് ഉത്തരവാകുന്നു.

3) ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ വിവിധ തസ്തികകളുടെ നിലവിലുള്ളതും പുതുക്കിയതുമായ ശമ്പള സ്കെയിലുകൾ ചുവടെ ചേർക്കും പ്രകാരം ആയിരിക്കുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം | നിലവിലെ ശമ്പളം | പരിഷ്കരിച്ച ശമ്പളം |
|---|---|---|---|---|
| 1 | *ജനറൽ മാനേജർ* | *1* | *77400-115200* | *107800-160000* |
| 2 | *കമ്പനി സെക്രട്ടറി* | *1* | *68700-110400* | *95600-153200* |
| 3 | *മാനേജർ(ടെക്നിക്കൽ)* | *1* | *68700-110400* | *95600-153200* |
| 4 | *മാനേജർ(ഫിനാൻസ്)* | *1* | *68700-110400* | *95600-153200* |
| 5 | *മാനേജർ (ലാൻഡ് അക്വിസിഷൻ)* | *1* | *68700-110400* | *95600-153200* |
| 6 | *മാനേജർ(പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ)* | *1* | *68700-110400* | *95600-153200* |
| 7 | *അസിസ്റ്റന്റ് മാനേജർ(ടെക്നിക്കൽ)* | *2* | 40500-85000 | 56500-118100 |
| 8 | *അസിസ്റ്റന്റ് മാനേജർ(പ്രോപ്പർട്ടി മാനേജ്മെന്റ്)* | *1* | *40500-85000* | *56500-118100* |
| 9 | *സെക്രട്ടറി ടു മാനേജിംഗ് ഡയറക്ടർ* | *1* | *26500-56700* | *37400-79000* |

| | | | | |
|---|---|---|---|---|
| 10 | *സെക്രട്ടറി ടു ജനറൽ മാനേജർ* | *1* | *26500-56700* | *37400-79000* |
| 11 | *അസിസ്റ്റന്റ്* | *3* | *22200-48000* | *31100-66800* |
| 12 | *ഡ്രൈവർ* | *2* | *18000-41500* | *25100-57900* |
| 13 | *അറ്റൻഡർ* | *4* | *16500-35700* | *23000-50200* |

4) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക്, മേൽപ്രകാരം അനുവദിക്കുന്ന പതിനൊന്നാം ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും:-

*1. മേൽ ശമ്പള പരിഷ്ക്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ് .*

*2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.*

*3.ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.*

*4. 10.02.2021 തീയതിയിലെ ജി.ഒ (പി)നം.27/2021//ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്ക്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.*

*5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബി.ആർ.ഡി.സി യിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.*

*6. ബി.ആർ.ഡി.സി യിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ്*

പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/ മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

8. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

9. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ V I ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

10. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

12. ശമ്പള പരിഷ്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

13. ഇ.പി.എഫ് ലേയ്ക്കുള്ള പരമാവധി തൊഴിലുടമാവിഹിതം 15000 (Basic Pay+DA) രൂപയുടെ 12 % ആയിരിക്കും.

14.ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

15. കരാർ/ ദിവസ വേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O(P)No. 28/2016/Fin dated 26.02.2016, G.O(P)No. 81/2019/Fin dated 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 19.04.2025 ലെ G.O(P)No.54/2025/Fin ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

*16. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബി.ആർ.ഡി.സി യിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.*

*17. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബി.ആർ.ഡി.സി യിൽ നടപ്പാക്കാൻ പാടില്ല.*

*18. ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബി.ആർ.ഡി.സി യുടെ സ്വന്തം വരുമാന മാർഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല. ഭാവിയിൽ ഈയിനത്തിൽ അധിക തുകയ്ക്കായി സ്ഥാപനം സർക്കാരിനെ സമീപിക്കുവാൻ പാടില്ല.*

*19. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ബി.ആർ.ഡി.സി മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.*

*20. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന ഡ്രൈവർ (1), അറ്റൻഡർ (1) എന്നീ തസ്തികകൾ 22.10.2001 ലെ സ.ഉ(പി)നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

*21. 23.08.2025 ലെ സ.ഉ.(സാധാ) നം.845/2025/AGRI പ്രകാരം, വിനോദസഞ്ചാര വകുപ്പിന്റെ അനുമതിയോടു കൂടി ശ്രീമതി റീനി ചാക്കോ യുടെ അന്യത്ര സേവന കാലാവധി 09.09.2025 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. ആയത് 08.09.2026ന് അവസാനിക്കുന്നതാണ്. മുഴുവൻ സമയ മാനേജിംഗ് ഡയറക്ടർ നിലവിൽ ബിആർഡിസി-യിൽ സേവനമനുഷ്ഠിച്ചു വരുന്നതിനാൽ "സെക്രട്ടറി ടു മാനേജിംഗ് ഡയറക്ടർ "എന്ന തസ്തിക ആവശ്യമുള്ളതാണ്. മാനേജിംഗ് ഡയറക്ടറുടെ സെക്രട്ടറിയായി ജോലി ചെയ്യുന്ന ശ്രീമതി റീനി ചാക്കോയുടെ 08.09.2026 തീയതിയിൽ അവസാനിക്കുന്ന അന്യത്ര സേവനം ദീർഘിപ്പിച്ചു നൽകുന്നതല്ല.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1/ ഓഡിറ്റ് 2), കേരള, തിരുവനന്തപുരം

പൊതുഭരണ( എസ് സി) വകുപ്പ് (24.02.2026 ലെ ഇനം നമ്പർ -3739 പ്രകാരം)

ധനകാര്യ(പി യു സി ) വകുപ്പ് ( 03.02.2026 ലെ 2210496/പി യു സി3/154/2022 ധന നമ്പർ അഭിപ്രായ പ്രകാരം)

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്( 14.10.2025 ലെ PLGEA- BPE 2/176/2025/PLGEA നമ്പർ അഭിപ്രായ പ്രകാരം)

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 09-03-2026 16:43:09

പകർപ്പ്:-

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2026

ഫയൽ നം. ടൂർ-ബി1/125/2022/ടൂർ. ഇനം നം: 3739

വിഷയം : വിനോദസഞ്ചാര വകുപ്പ് - ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

## കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

3739

| | | | |
|---|---|---|---|
| 1. | ഫയൽ | : | ടൂർ-ബി1/125/2022-ടൂർ |
| 2. | വകുപ്പ് | : | വിനോദ സഞ്ചാര (ബി) വകുപ്പ് |
| 3. | വിഷയം | : | ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്-സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08.02.2026 |
| 5. | **(എ)** ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br>**(ബി)** സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | :<br>: | അതെ<br>അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ജഗദീശ് ഡി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ ബിജു. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എ ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

10.02.2021 ലെ സ.ഉ(പി) 27/2021/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് ബാധകമാക്കുന്നതു സംബന്ധിച്ച് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

*"AD is requested to instruct the institution to approach Planning (BPE) Department first with suitable proposal to classify them afresh and thereafter to submit necessary proposals to extend the benefits pay scales as per G.O(P) No.131/2022/FIN dated:29.10.2022 to the employees of the institution."*

3. മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, 29.10.2022 ലെ സ.ഉ (പി) നം.131/2022/ധന ഉത്തരവിലെ മാർഗ നിർദ്ദേശപ്രകാരം ബി.ആർ.ഡി.സി യെ ക്ലാസിഫൈ ചെയ്യുന്നതിലേയ്ക്കായുള്ള ശിപാർശ ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ സമർപ്പിക്കുവാൻ ബി.ആർ.ഡി.സി മാനേജിംഗ് ഡയറക്ടർക്ക് നിർദേശം നൽകി. 31.07.2024 ന് നടന്ന പബ്ലിക് എന്റർപ്രൈസസ് ബോർഡ് യോഗത്തിലെ തീരുമാനത്തിൽ ബി.ആർ.ഡി.സി-യെ 'ഡി കാറ്റഗറി'യിൽ ഉൾപ്പെടുത്തി ക്ലാസിഫൈ ചെയ്തിട്ടുള്ളതായി എം.ഡി. ബി.ആർ.ഡി.സി റിപ്പോർട്ട് ചെയ്തു.

4. ഫയൽ അഭിപ്രായത്തിനായി വീണ്ടും ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ

ശമ്പള പരിഷ്കരണ നിർദ്ദേശം പരിശോധിക്കുന്നതിനായി, 12.08.2016 ലെ സർക്കുലർ നമ്പർ 69/2016/ഫിൻ പ്രകാരം സമർപ്പിച്ച വിശദാംശങ്ങൾക്ക് പുറമെ 24/08/2023 ലെ സർക്കുലർ നമ്പർ 85/2023/ഫിൻ പ്രകാരമുള്ള വിശദാംശങ്ങൾ കൂടി ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഫയൽ അഭിപ്രായത്തിനായി ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിന് നൽകുകയും , ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു.

*'It is noted that Audit of accounts of BRDC is in arrears. AD is advised to instruct the corporation to clear the audit arrears urgently. As audit is not up-to-date the corporation does not satisfy the eligibility condition for pay revision. However since the company is in profit, BPE recommends the proposal, provided Finance department agrees to the waiver of requirement of up-to-date audit status'.*

5. ആസൂത്രണ & സാമ്പത്തിക കാര്യ (ബിപിഇ) വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, audit of accounts up-to-date ആയിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഇളവ് നൽകി, 10.02.2021 ലെ സ.ഉ(പി) 27/2021/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന നടപ്പിലാക്കിയിട്ടുള്ള ശമ്പള പരിഷ്കരണം ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ജീവനക്കാർക്ക് 01.07.2019 തീയതി പ്രാബല്യത്തിൽ അനുവദിച്ച് നൽകുന്നതിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

*"ലഭ്യമാക്കിയിരിക്കുന്ന വിവരങ്ങളുടെയും പ്ലാനിംഗ് (ബിപിഇ) വകുപ്പിന്റെ ശിപാർശയുടേയും അടിസ്ഥാനത്തിൽ, ബി.ആർ.ഡി.സി യിലെ സർക്കാർ അംഗീകൃത തസ്തികകളിലെ സ്ഥിരം ജീവനക്കാർക്ക് 01.07.2019 പ്രാബല്യത്തിൽ 10.02.2021 ലെ സ.ഉ(പി)നം.27/2021/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്ക്കരണം താഴെ പരാമർശിക്കും പ്രകാരമുള്ള നിബന്ധനകളോടെ അനുവദിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം | നിലവിലെ ശമ്പളം | പരിഷ്കരിച്ച ശമ്പളം |
|---|---|---|---|---|
| 1 | ജനറൽ മാനേജർ | 1 | 77400-115200 | 107800-160000 |
| 2 | കമ്പനി സെക്രട്ടറി | 1 | 68700-110400 | 95600-153200 |
| 3 | മാനേജർ(ടെക്നിക്കൽ) | 1 | 68700-110400 | 95600-153200 |
| 4 | മാനേജർ(ഫിനാൻസ്) | 1 | 68700-110400 | 95600-153200 |
| 5 | മാനേജർ (ലാൻഡ് അക്വിസിഷൻ) | 1 | 68700-110400 | 95600-153200 |
| 6 | മാനേജർ(പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ) | 1 | 68700-110400 | 95600-153200 |
| 7 | അസിസ്റ്റന്റ് മാനേജർ(ടെക്നിക്കൽ) | 2 | 40500-85000 | 56500-118100 |
| 8 | അസിസ്റ്റന്റ് മാനേജർ(പ്രോപ്പർട്ടി മാനേജ്മെന്റ്) | 1 | 40500-85000 | 56500-118100 |
| 9 | സെക്രട്ടറി ടു മാനേജിംഗ് ഡയറക്ടർ | 1 | 26500-56700 | 37400-79000 |
| 10 | സെക്രട്ടറി ടു ജനറൽ മാനേജർ | 1 | 26500-56700 | 37400-79000 |
| 11 | അസിസ്റ്റന്റ് | 3 | 22200-48000 | 31100-66800 |
| 12 | ഡ്രൈവർ | 2 | 18000-41500 | 25100-57900 |
| 13 | അറ്റൻഡർ | 4 | 16500-35700 | 23000-50200 |

1. മേൽ ശമ്പള പരിഷ്ക്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ (പി)നം.27/2021//ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്ക്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബി.ആർ.ഡി.സി യിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. ബി.ആർ.ഡി.സി യിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/ മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല

8. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

9, സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

10. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

12. ശമ്പള പരിഷ്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

13. ഇ.പി.എഫ് ലേയ്ക്കുള്ള പരമാവധി തൊഴിലുടമാവിഹിതം 15000 (Basic Pay+DA) രൂപയുടെ 12 % ആയിരിക്കും.

14.ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

15. കരാർ/ ദിവസ വേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O(P)No. 28/2016/Fin dtd 26.02.2016, G.O(P)No. 81/2019/Fin dtd 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 19.04.2025 ലെ G.O(P)No.54/2025/Fin ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

16. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബി.ആർ.ഡി.സി യിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

17. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബി.ആർ.ഡി.സി യിൽ നടപ്പാക്കാൻ പാടില്ല.

18. ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബി.ആർ.ഡി.സി യുടെ സ്വന്തം വരുമാന മാർഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല. ഭാവിയിൽ ഈയിനത്തിൽ അധിക തുകയ്ക്കായി സ്ഥാപനം സർക്കാരിനെ സമീപിക്കുവാൻ പാടില്ല.

*19. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ബി.ആർ.ഡി.സി മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.*

*20. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന ഡ്രൈവർ (1), അറ്റൻഡർ (1) എന്നീ തസ്തികകൾ 22.10.2001 ലെ സ.ഉ(പി)നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

*21. 'സെക്രട്ടറി ടു മാനേജിംഗ് ഡയറക്ടർ' തസ്തികയിലെ ജീവനക്കാരി വിവിധ ശമ്പള പരിഷ്കരണ കാലയളവുകളിലായി അന്യത്ര സേവനവ്യവസ്ഥയിൽ മറ്റൊരു സ്ഥാപനത്തിൽ ജോലിചെയ്ത് വരുന്ന സാഹചര്യം കണക്കിലെടുത്തു കൊണ്ട്, പ്രസ്തുത തസ്തിക, സ്ഥാപനത്തിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഭരണ വകുപ്പും സ്ഥാപന മേധാവിയും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും ആവശ്യമില്ലാത്ത പക്ഷം ടി തസ്തിക നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.*

*22. ശമ്പള പരിഷ്ക്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്ക്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"*

6. പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവായിരുന്നു. മന്ത്രിസഭാ യോഗത്തിനുള്ള ഇംഗ്ലീഷിലും മലയാളത്തിലുമുള്ള കരട് കുറിപ്പുകൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ നിബന്ധനകളിൽ ക്രമ നമ്പർ 18, 21 എന്നിവയിലുള്ള ഭരണവകുപ്പിന്റെ അഭിപ്രായം കൂടി ഉൾപ്പെടുത്തി മന്ത്രിസഭാ കുറിപ്പ് പുതുക്കി സമർപ്പിക്കുന്നതിനായി ബഹു ചീഫ് സെക്രട്ടറിയുടെ ഉത്തരവായിരുന്നു.

7. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിലെ ക്രമ നം 18 & 21 -ൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ ബി.ആർ.ഡി.സി എം.ഡി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

പരിശോധിച്ച് , ചുവടെ ചേർക്കും പ്രകാരം തീരുമാനം സ്വീകരിച്ചിട്ടുണ്ട്.

(1) ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബി.ആർ.ഡി.സി യുടെ സ്വന്തം വരുമാന മാർഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഭാവിയിൽ ഈയിനത്തിൽ അധിക തുകയ്ക്കായി ബി.ആർ.ഡി.സി സർക്കാരിനെ സമീപിക്കുവാൻ പാടില്ല.

(2)23.08.2025 ലെ സ.ഉ.(സാധാ) നം.845/2025/AGRI പ്രകാരം, വിനോദസഞ്ചാര വകുപ്പിന്റെ അനുമതിയോടു കൂടി ശ്രീമതി റീനി ചാക്കോ യുടെ അന്യത്ര സേവന കാലാവധി 09.09.2025 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. ആയത് 08.09.2026 ന് അവസാനിക്കുന്നതാണ്. മുഴുവൻ സമയ മാനേജിംഗ് ഡയറക്ടർ നിലവിൽ ബിആർഡിസി-യിൽ സേവനമനുഷ്ഠിച്ചു വരുന്നതിനാൽ "സെക്രട്ടറി ടു മാനേജിംഗ് ഡയറക്ടർ "എന്ന തസ്തിക ആവശ്യമുള്ളതാണ്. മാനേജിംഗ് ഡയറക്ടറുടെ സെക്രട്ടറിയായി ജോലി ചെയ്യുന്ന ശ്രീമതി റീനി ചാക്കോയുടെ 08.09.2026- തീയതിയിൽ അവസാനിക്കുന്ന അന്യത്ര സേവനം ദീർഘിപ്പിച്ചു നൽകുന്നതല്ല.

## തീരുമാനിക്കേണ്ട വിഷയം

10.02.2021 ലെ സ.ഉ(പി) 27/2021/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് അനുവദിച്ച് നല്കാവുന്നതാണോ ?